# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 439      21-10-2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.എം. നൗഷാദ്**<br>**ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ. സി.കെ. ശശീന്ദ്രൻ**<br>**ശ്രീ. ഡി.കെ. മുരളി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേന്ദ്ര വിഹിതമായി ലഭിയ്ക്കുന്നത് എത്ര ശതമാന മാണെന്ന് വ്യക്തമാക്കാമോ; | (എ) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയിൽ വേതനം, ഭരണച്ചെലവ്, എന്നിവയിലെ 100 ശതമാനം തുകയും സാധന ഘടകത്തിലെ ചെലവിനത്തിൽ 75 ശതമാനം തുകയും കേന്ദ്ര വിഹിതമായി ലഭിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം ജോലികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ നിയമം പട്ടിക 1 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളാണ് നിലവിൽ സംസ്ഥാനത്ത് ഏറ്റെടുക്കുന്നത്. ആയവ ചുവടെ ചേർക്കുന്നു.<br>വിഭാഗം എ.പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പവൃത്തികൾ.<br><br>വിഭാഗം ബി.സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ.<br><br>വിഭാഗം സി.ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നിബന്ധനകൾ അനുസരിക്കുന്ന സ്വയംസഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ<br><br>വിഭാഗം ഡി.ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ<br><br>മേൽവിഭാഗത്തിൽ ഉൾപ്പെടുത്തി തന്നെ 2016-17 ലെ കേന്ദ്ര സർക്കാർ പുറത്തിറക്കിയ മാസ്റ്റർ സർക്കുലർ പ്രകാരം സവിശേഷ ശ്രദ്ധ ആവശ്യമുള്ള പ്രവൃത്തികളായ മണ്ണിര/നടേപ്(Nadep) കമ്പോസ്റ്റ കുഴികൾ, അങ്കണവാടികളുടെ നിർമാണം, |

| | | | |
|---|---|---|---|
| | | | വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം, ഇന്ദിര പാർപ്പിട പദ്ധതി/മറ്റു കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരമുള്ള ഭവന നിർമ്മാണം, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, പ്രധാനമന്ത്രി ആദർശ് ഗ്രാമ യോജന, നീർത്തട വികസനം എന്നിവയുമായുള്ള സംയോജനം എന്നിവയും ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | ഗ്രാമീണ മേഖലയിലെ പ്രധാന വരുമാന മാർഗ്ഗമെന്ന നിലയിൽ പ്രസ്തുത പദ്ധതി കാര്യക്ഷമമായും ഫലപ്രദമായും നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാര്യക്ഷമവും ഫലപ്രദവുമായ നടത്തിപ്പിനായി വിവിധ ഉത്തരവുകൾ സംസ്ഥാന സർക്കാർ നിർവഹണ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. 05.10.2016 തീയതിയിൽ നം.279/dd2/2016/ സർക്കുലർ പ്രകാരം 2017-18 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റിന്റെയും വാർഷിക കർമ്മ പദ്ധതിയുടെയും രൂപീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ നടപ്പു വർഷം ആവശ്യമെങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങളും സുസ്ഥിരാസ്തികളും സൃഷ്ടിക്കത്തക്ക വിധത്തിലുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തി അഡീഷണൽ ആക് ഷൻ പ്ലാൻ തയ്യാറാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. സവിശേഷ ശ്രദ്ധ ആവശ്യമുള്ള പ്രവൃത്തികളായി മണ്ണിര/നടേപ്(Nadep) കമ്പോസ്റ്റ് കുഴികൾ, അങ്കണവാടികളുടെ നിർമാണം, വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം, ഇന്ദിര പാർപ്പിട പദ്ധതി/മറ്റു കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരമുള്ള ഭവന നിർമ്മാണം, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന, പ്രധാനമന്ത്രി ആദർശ് ഗ്രാമ യോജന, നീർത്തട വികസനം എന്നിവ ഏറ്റെടുത്തത് വഴി പദ്ധതിയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിന് സഹായകരമായിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**